LIBRARY ARCHIVES Kerala Legislative Assembly

ക്രഷർ യൂണിറ്റുകളിൽനിന്നുള്ള നികുതി വരുമാനം

169 (2407) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ക്രഷർ യൂണിറ്റുകളെ ഏതൊക്കെ വിഭാഗങ്ങളായി തിരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ കാറ്റഗറിയിലുംപെട്ട യൂണിറ്റുകൾക്ക് ചുമത്തിയിരിക്കുന്ന നികുതി നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) 2012-13, 2013-14 വർഷങ്ങളിൽ ഓരോ വിഭാഗത്തിലുംപെട്ട ക്രഷർ യൂണിറ്റുകളിൽനിന്നും ലഭിച്ച നികുതി വരുമാനം എത്രയെന്ന് വിശദമാക്കുമോ ;

(ഡി) നിശ്ചയിക്കപ്പെട്ട നിരക്കിൽ തന്നെയാണോ ക്രഷർ യൂണിറ്റുകളിൽ നിന്ന് നികുതി ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ക്രഷർ യൂണിറ്റുകൾക്ക് നികുതി അടവിന് കോമ്പൗണ്ടിംഗ് സമ്പ്രദായം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം മെറ്റൽ ക്രഷർ യൂണിറ്റുകൾ വഴി ഉൽപ്പാദിപ്പിക്കുന്ന മെറ്റലുകളുടെ നികുതി നിരക്ക് 14.5 ശതമാനവും അല്ലാത്തവയ്ക്ക് 5 ശതമാനവുമാണ്. മെറ്റൽ/മാനുഫാക്ചേർഡ് സാന്റിന്റെ നികുതി നിരക്ക് 14.5 ശതമാനമാണ്. മെറ്റൽ/മാനുഫാക്ചേർഡ് സാന്റ് ഉൽപ്പാദകന്റെയോ വ്യാപാരിയുടെയോ വാർഷിക വിറ്റുവരവ് പത്ത് ലക്ഷം രൂപ കവിയുകയാണെങ്കിൽ വകുപ്പ് 6(1) പ്രകാരം മുകളിൽ പരാമർശിച്ചിരിക്കുന്ന നിരക്കിൽ വിൽപ്പന വിലയിന്മേൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഈ മേഖലയിലുള്ളവർക്ക് വകുപ്പ് 6(1) പ്രകാരം നികുതി ഒടുക്കുന്നതിന് ബദലായി അവർ തെരഞ്ഞെടുക്കുന്നപക്ഷം വകുപ്പ് 8(b) അനുസരിച്ച് കോമ്പൗണ്ടിംഗ് രീതിയിൽ നികുതി ഒടുക്കുവാനുള്ള വ്യവസ്ഥയും നിലവിലുണ്ട്. അതിനായി മെറ്റൽ/മാനുഫാക്ചേർഡ് സാന്റ് ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകളെ അതിനുപയോഗിക്കുന്ന യന്ത്രസാമഗ്രിയുടെ വായ്വട്ടത്തെ അഥവാ ഉൽപ്പാദനക്ഷമതയെ ആസ്പദമാക്കി വർഗ്ഗീകരിച്ച് കോമ്പൗണ്ടിംഗ് നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. കേരള ധനകാര്യ നിയമം 2014 പ്രകാരം നിലവിലുള്ള നിരക്ക് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2012-13, 2013-14 വർഷങ്ങളിൽ ക്രഷർ മേഖലയിൽ നിന്നും ആകെ ലഭിച്ച കോമ്പൗണ്ടഡ് നികുതി വരുമാനം ഇപ്രകാരമാണ്. മെഷീനിന്റെ size തിരിച്ചുള്ള വരുമാനം ലഭ്യമല്ല.

2012-13	-	50.83 കോടി
2013-14	-	69.49 കോടി

(ഡി) അതെ. എന്നാൽ വായ്വട്ടം തെറ്റായി ബോധിപ്പിച്ച് നികുതി ഒടുക്കുന്നവർക്കെതിരെ ആവശ്യമായ നികുതി പുനർനിർണ്ണയം നടത്തുകയും തെറ്റായ വിവരം നൽകി നികുതി വെട്ടിപ്പ് നടത്തിയതിന് ശിക്ഷാനടപടികളും സ്വീകരിക്കാറുണ്ട്.

(ഇ) ഉണ്ട്. വിശദാംശങ്ങൾ മുകളിൽ (എ), (ബി) പിരിവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

ബാറുകളും ഔട്ട്ലെറ്റുകളും അടച്ചുപൂട്ടിയതുമൂലമുള്ള വരുമാനനഷ്ടം

170 (2408) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അബ്കാരി നയം പൂർണ്ണമായി നടപ്പിലാകുമ്പോൾ പ്രതിവർഷം കിട്ടിക്കൊണ്ടിരിക്കുന്ന വരുമാനത്തിലുണ്ടാകുന്ന കുറവ് എത്ര കോടിയായിരിക്കും ?

<u>ഉത്തരം</u>

അബ്കാരി നയം പൂർണ്ണമായി നടപ്പിലാകുമ്പോൾ സംസ്ഥാനത്തെ ഫൈവ് സ്റ്റാർ ഒഴികെയുള്ള ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നതിലൂടെ പ്രതിവർഷം ലൈസൻസ് ഫീസിനത്തിൽ 165.37 കോടി രൂപയുടേയും, ടി ബാർ ലൈസൻസുകളിൽ നിന്നും പിഴയിനത്തിൽ ലഭിച്ചിരുന്ന വരുമാനവും നഷ്ടമാകും. പ്രതിവർഷം 10 ശതമാനം കെ.എസ്.ബി.സി. ഔട്ട്ലെറ്റുകൾ നിർത്തലാക്കുന്നതുവഴി ലൈസൻസ് ഫീസിനത്തിൽ 24.57 കോടി രൂപയുടെ വരുമാന നഷ്ടമുണ്ടാകും. 2014 ആഗസ്റ്റ് മാസം അവസാനത്തോടുകൂടി 2014-15 സാമ്പത്തിക വർഷത്തെ മദ്യനയം പ്രഖ്യാപിച്ചതോടുകൂടി 2014 സെപ്തംബർ, ഒക്ടോബർ മാസങ്ങളിലെ വിൽപ്പനയിൽ 2013-ലെ ഇതേ മാസങ്ങളിലെ വിൽപ്പനയേക്കാൾ കുറവു വന്നിട്ടുണ്ട്. എക്സൈസ് വരുമാനത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെമേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടി മദ്യത്തിന്റെ വില്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നതിനാൽ എക്സൈസ് വരുമാനത്തിൽ കുറവു പ്രതീക്ഷിക്കുന്നുണ്ട്. കൃത്യമായ കണക്ക് കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly